/

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1223</u> | <u>30.9.2011-ൽ മറുപടിയ്ക്ക്</u>

## <u>പുതിയ തൊഴിൽ നയം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ തൊഴിൽ നയം രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് പുതിയ തൊഴിൽ നയം രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത തൊഴിൽ നയത്തിൽ ലേബർ ഹെൽപ്പ്ലൈൻ, ജില്ലാതല സമിതികൾ, പൗരാവകാശ രേഖ, തൊഴിൽ ഭവൻ, തൊഴിൽ വകുപ്പിന്റെ പുന:സംഘടന, മിനിമം കൂലി നടപ്പിലാക്കൽ, ഫയൽ തീർപ്പാക്കൽ, തോട്ടം മേഖലകളിലെ ആനുകൂല്യ വിതരണം, ബാല തൊഴിൽ സംബന്ധിച്ച ബോധവൽക്കരണം, വെബ്പോർട്ടൽ, പൂർണ്ണ കമ്പ്യൂറൈസേഷൻ, കുടിയേറ്റ തൊഴിലാളി ക്ഷേമം എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്. |
| (ബി) നോക്കുകൂലി, ഭൂതപ്പണം തുടങ്ങിയ പ്രവണതകൾ ഇല്ലായ്മ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു; | (ബി) ഇതിനായി ചുമട്ടുതൊഴിൽ മേഖലയിൽ ഒരു ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.ഇതിന്റെ ആദ്യഘട്ടമായി കേരളത്തിലെ 5 കോർപ്പറേഷനുകളിൽ ഏകീകൃത ചുമട്ടുകൂലി നിശ്ചയിച്ച് ഓരോന്നിനുമുള്ള കയറ്റിറക്കുകൂലി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നോക്കി നഗരത്തിലെ ഏതു ബാങ്കിലും പണമടയ്ക്കാം. അവിടുന്നുള്ള |

രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഇപ്രകാരം ഹാജരാക്കുന്ന രസീതിനെ തുടർന്ന് ചുമട്ട് തൊഴിൽ സേവനം നൽകാതിരിക്കുകയോ അമിത കൂലി/അധികകൂലി വാങ്ങുകയോ ചെയ്താൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ/വെബ്സൈറ്റിൽ/കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് തൊഴിൽ മേഖലയിൽ ഉണ്ടാക്കുന്ന സ്വാധീനങ്ങളും അവരുടെ പ്രശ്നങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(സി) പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ